# ഇല്ലാത്ത നക്സലിസം അന്ന്: ഇല്ലാത്ത മാവോയിസം ഇന്ന്

എൻ. പി. രാജേന്ദ്രൻ



ഇല്ലാത്ത നക്സലിസം അന്ന്:
ഇല്ലാത്ത മാവോയിസം ഇന്ന്
എൻ. പി. രാജേന്ദ്രൻ
(Malayalam: Article)

© 2020, N. P. Rajendran

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: View of Warsaw from the terrace of the Royal Castle., a painting by Bernardo Bellotto (1722–1780). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഇല്ലാത്ത നക്സലിസം അന്ന്: ഇല്ലാത്ത മാവോയിസം ഇന്ന്

ഇന്ന് മാവോയും ഇല്ല മാവോയിസവും ഇല്ല. ആ ബ്രാൻഡ് ചിലർ ഉപയോഗിക്കാൻ ശ്രമിക്കുന്നുവെന്നുമാത്രം.

മാവോയിസത്തിന്റെ കേരളത്തിലേക്കുള്ള വരവറിയിച്ചുകൊണ്ട് ചില്ലറ വെടിയും പുകയും അവിടെയും ഇവിടെയും ഉയരുന്നുണ്ട്. കഴിഞ്ഞ ആഴ്ചയും ഉണ്ടായി കണ്ണൂരിൽ ആക്രമണം. പക്ഷേ, മാധ്യമങ്ങൾക്ക് പൊലിപ്പിക്കാൻ പാകത്തിൽ പോലും അവ ശ്രദ്ധേയമല്ല. കൊട്ടിഘോഷിച്ച് രാജകീയമായി വേണം വരാൻ എന്നല്ല പറയുന്നത്. പൊലീസും രഹസ്യാന്വേഷണവിഭാഗക്കാരും ഇവരെക്കുറിച്ച് ഉണ്ടാക്കിയെടുത്തിട്ടുള്ള പ്രതിച്ഛായ ഇതൊന്നുമല്ലല്ലോ. യഥാർത്ഥത്തിൽ ഇത് ശരിയായ മാവോയിസ്റ്റ് ആക്രമണങ്ങൾ തന്നെയാണോ? ഛത്തീസ്ഗഡിലും മറ്റും ചോരപ്പുഴയൊഴുക്കുന്ന മാവോയിസ്റ്റ് പാതക്കാർ തന്നെയാണോ ഇവർ? മറ്റെന്തോ ഉദ്ദേശ്യത്തോടെ ആരോ നടത്തുന്ന വ്യാജ ആക്രമണങ്ങളാണോ ഇവിടത്തേത്? ജനങ്ങളിൽ സംശയം പെരുകുന്നുണ്ട്.

സി. പി. ഐ. എം. അനുകൂല വിദ്യാർത്ഥി സംഘടനയിൽ പാർട്ടി ഘടകം നിർദ്ദേശിച്ച സ്ഥാനാർത്ഥിയെ തോൽപ്പിച്ച് സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെട്ട ഫിലിപ്പ് എം. പ്രസാദാണ് അധികം വൈകാതെ നക്സലൈറ്റുകൾക്കൊപ്പം ഇറങ്ങിത്തിരിച്ചത് എന്നോർക്കണം. നക്സലൈറ്റ് ഭാഷയിൽ പറഞ്ഞാൽ 'കേരളത്തിൽ എങ്ങും ഉണങ്ങിയ പുൽപാടങ്ങളാണ് ഉണ്ടായിരുന്നത്. ഒരു തീപ്പൊരി മതിയായിരുന്നു എല്ലാം കത്തിയമരാൻ'. തലശ്ശേരിയിൽ തീപ്പൊരി ചിതറിനോക്കി, പുൽപ്പള്ളിയിൽ നോക്കി, പലേടത്തും നോക്കി. തീമാത്രം ഉയർന്നില്ല. ആ സ്വപ്നം അങ്ങനെ കെട്ടടങ്ങി.

മാവോയിസ്റ്റ് ആക്രമണം എന്ന് കേൾക്കുമ്പോഴെല്ലാം കേരളീയർ പഴയ നക്സലൈറ്റ് ആക്രമണങ്ങൾ ഓർക്കും. അത് പറഞ്ഞാൽ ഉടനെ അടുത്ത ചോദ്യം ഉയരും. മാവോയിസ്റ്റുകളും നക്സലൈറ്റുകളും തമ്മിൽ എന്താണ് വ്യത്യാസം? അതവിടെ നിൽക്കട്ടെ. പഴയ നക്സൽ ആക്രമണങ്ങൾ കേരളീയ രാഷ്ട്രീയാന്തരീക്ഷത്തിൽ ഒരു കാലത്ത് വസന്തത്തിന്റെ ഇടിമുഴക്കങ്ങൾ ആയിരുന്നു. ആളനക്കം കുറഞ്ഞ ക്വാറിയോ ഏതെങ്കിലും പീടികയോ ആക്രമിച്ചുകൊണ്ടല്ല അവർ തുടങ്ങിയത്. ആദ്യം കൈവെച്ചത് പോലീസ് സ്റ്റേഷന് മേലാണ്. 1968 നവംബർ 21 ന് രാത്രി തലശ്ശേരിയിലെ പോലീസ് സ്റ്റേഷൻ ആണ് ആക്രമിച്ചത്. എ. കെ. 47 തോക്കുകൾ കൊണ്ടോ ബോംബുകൾ കൊണ്ടോ ആയിരുന്നില്ല അത്. കുന്തങ്ങളും ഏറുപടക്കങ്ങളും ആസിഡ് ബൾബുകളും മാത്രമേ കൈവശമുണ്ടായിരുന്നുള്ളൂ. റോഡിൽ ഉറങ്ങിക്കിടന്ന പശുക്കൾ പരക്കം പായുന്ന ശബ്ദം കേട്ട്, തിരിച്ചടിക്കാൻ വരുന്ന പോലീസ് സേനയുടെ ബൂട്ടുകളുടെ ഇരമ്പമാണെന്ന് സംശയിച്ച് ആക്രമണകാരികൾ പലായനം ചെയ്തുവെന്നത് പിൽക്കാലത്ത് കേട്ട കഥ. തലശ്ശേരി ആക്രമണം നടക്കുമ്പോൾ നക്സലൈറ്റുകളുടെ മറ്റൊരു സംഘം വയനാട്ടിലെ പുൽപ്പള്ളിയെ ലക്ഷ്യമിട്ട് നീങ്ങുന്നുണ്ടായിരുന്നു. പിന്നീട് ആ സ്റ്റേഷൻ ആക്രമിച്ചതും പോലീസുകാരൻ മരിച്ചതും നക്സലൈറ്റ് പ്രവർത്തനത്തിലൂടെ ജനനായകനായ വർഗീസിന്റെ കൊലയുമെല്ലാം ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞതാണ്. പത്ത് വർഷത്തോളം നീണ്ടുനിന്ന ആ പ്രതിഭാസം. 1977-ൽ അടിയന്തരാവസ്ഥ അവസാനിക്കുന്നതിന് തൊട്ടുമുമ്പ് നടന്ന കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണത്തിനും രാജൻ വധത്തിനും ശേഷം ശ്രദ്ധേയമായ നക്സലൈറ്റ് വാർത്തകൾ ഉണ്ടായിട്ടില്ല.

അറുപതുകളുടെ അവസാനം കേരളത്തിലേക്ക് നക്സലിസം എത്തിയത് ബംഗാളിൽ നിന്നാണ്. ചൈനയിൽ 1966-ൽ മാവോ സെ തുങ് തുടക്കമിട്ട സാംസ്കാരിക വിപ്ലവം മാർക്സിസത്തിന്റെ പതിവ് അജൻഡകളിൽ ഒതുങ്ങുന്നതായിരുന്നില്ല. മാവോ ചിന്ത ഉണ്ടാക്കിയതായി പ്രചരിപ്പിക്കപ്പെട്ട അസാധാരണമായ വിപ്ലവങ്ങളുടെ പേരിൽ ഇന്ത്യയിലും മാവോവിന് വലിയ പിൻബലമുണ്ടായി. 'ചൈനയിൽ വന്ന വമ്പിച്ച മാറ്റങ്ങൾ എന്നെ രോമാഞ്ചം കൊള്ളിച്ചു. തൊഴിലില്ലായ്മക്കും പട്ടിണിക്കും ദാരിദ്ര്യത്തിനുമെതിരായി മാത്രമല്ല, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സാമൂഹ്യ വ്യവസ്ഥിതിക്കെതിരായിക്കൂടി മാവോ സെ തുങ് എന്ന മഹാനായ ചരിത്രപുരുഷന്റെ നേതൃത്വത്തിൽ സമരംചെയ്ത് ആത്മാവിനെപ്പോലും ഇളക്കിമറിക്കുന്ന ഫലങ്ങൾ നേടിയെടുത്ത ഈ ജനതയുടെ വിജയങ്ങൾ എന്റെയും കണ്ണുതുറപ്പിച്ചു. അതിന്റെയെല്ലാം മീതെയായി, ഭരണത്തിലിരിക്കുന്ന ഉന്നത സ്ഥാനത്തുള്ള വ്യക്തികളെപ്പോലും ചോദ്യം ചെയ്യാവുന്ന തരത്തിൽ അസാധാരണ ധീരത വളർത്തിയെടുക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഈ തൊഴിലാളി വർഗ സാംസ്കാരിക വിപ്ലവം മറ്റേത് രാജ്യത്താണ് നടന്നിട്ടുള്ളത്? ഇതല്ലേ യഥാർത്ഥ ജനാധിപത്യം?...' അന്നത്തെ വിപ്ലവകാരി അജിത ഓർമക്കുറിപ്പുകളിൽ ആ കാലത്തിന്റെ വികാരം ഇങ്ങനെ വരച്ചുകാട്ടുന്നുണ്ട്. മരണം പോലും പുല്ലാക്കി കുറെ പേർ വിപ്ലവാഗ്നിയിലേക്ക് എടുത്തുചാടിയതിൽ അത്ഭുതമില്ല.

പ. ബംഗാളിലും കേരളത്തിലും പ്രബലമായ മാർക്സിസ്റ്റ് പാർട്ടിയാണ് ഇതിന്റെ വില നൽകിയത്. നക്സൽബാരി എന്ന ബംഗാൾ ഗ്രാമത്തിൽ കൊളുത്തിയ തീ കുറെ കാലം കത്തിനിന്നു. കേരളത്തിൽ മുസ്ലിംലീഗിന്റെയും മറ്റ് പല ഈർക്കിൾ പാർട്ടികളുടെയുമെല്ലാം സഹായത്തോടെ 1967 മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് നല്ലൊരു ഭാഗം മാർക്സിസ്റ്റ് ബുദ്ധിജീവികളിൽ അസ്വാസ്ഥ്യം സൃഷ്ടിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഗണേശ് ബീഡി കമ്പനി മുന്നറിയിപ്പില്ലാതെ അടച്ചുപൂട്ടിയതുണ്ടാക്കിയ അമർഷം നക്സൽ പ്രസ്ഥാനത്തിന് കരുത്തേകി. വയനാട്ടിലെ ആദിവാസികൾ ഇന്നത്തെ അതേ ദയനീയ അവസ്ഥയിലായിരുന്നു, ജന്മിമാർക്കെതിരെ അമർഷം ശക്തമായിരുന്നു. നാട്ടിലെങ്ങും തൊഴിലില്ലായ്മയും സാമ്പത്തികപ്രശ്നങ്ങളും കെടുതി വിതച്ചിരുന്നു. എല്ലാം കൂടിച്ചേർന്നാണ് അന്നത്തെ നക്സലിസത്തിന് വളക്കൂറുള്ള മണ്ണൊരുക്കിയത്. സി. പി. ഐ. എം. ഘടകങ്ങൾ പലേടത്തും പിളർന്നു. ഒരു പാട് ചെറുപ്പക്കാർ, സജീവ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, വിദ്യാർത്ഥികൾ... ഇവരെല്ലാം പാർട്ടിക്ക് തലവേദനയുണ്ടാക്കുന്ന ചോദ്യങ്ങൾ ഉയർത്തി. സി. പി. ഐ. എം. അനുകൂല വിദ്യാർത്ഥി സംഘടനയിൽ പാർട്ടി ഘടകം നിർദ്ദേശിച്ച സ്ഥാനാർത്ഥിയെ തോൽപ്പിച്ച് സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെട്ട ഫിലിപ്പ് എം. പ്രസാദാണ് അധികം വൈകാതെ നക്സലൈറ്റുകൾക്കൊപ്പം ഇറങ്ങിത്തിരിച്ചത് എന്നോർക്കണം. നക്സലൈറ്റ് ഭാഷയിൽ പറഞ്ഞാൽ 'കേരളത്തിൽ എങ്ങും ഉണങ്ങിയ പുൽപാടങ്ങളാണ് ഉണ്ടായിരുന്നത്. ഒരു തീപ്പൊരി മതിയായിരുന്നു എല്ലാം കത്തിയമരാൻ'. തലശ്ശേരിയിൽ തീപ്പൊരി ചിതറിനോക്കി, പുൽപ്പള്ളിയിൽ നോക്കി, പലേടത്തും നോക്കി. തീമാത്രം ഉയർന്നില്ല. ആ സ്വപ്നം അങ്ങനെ കെട്ടടങ്ങി.

സ്വപ്നങ്ങൾക്ക് യുക്തി വേണമെന്നില്ല. ആധുനിക ചൈന മാവോ സെ തുങ്ങിനെ പ്രതിമവൽക്കരിച്ച് നിലനിർത്തിയിട്ടുണ്ടെങ്കിലും മാവോയിസം കുഴിച്ചുമൂടിക്കഴിഞ്ഞു. അവരിപ്പോൾ എങ്ങോട്ടും വിപ്ലവം കയറ്റുമതി ചെയ്യുന്നില്ല. ലോകമുതലാളിത്തത്തിന് പോലും ഒട്ടും വിരോധമില്ലാത്ത ഒരു സാമ്പത്തിക വ്യവസ്ഥയിലൂടെ നേടിയ ഭൗതിക പുരോഗതി കാട്ടിത്തരാൻ ഇടതുവലതു വ്യത്യാസമില്ലാതെ പാർട്ടിക്കാരെ ക്ഷണിച്ചുകൊണ്ടുപോവാറുണ്ടെന്നല്ലാതെ കമ്യൂണിസ്റ്റ് പാർട്ടിക്കാർക്ക് ചൈനയിൽ സ്പെഷൽ സീറ്റൊന്നുമില്ല ഇപ്പോൾ. ഇവിടെ നിന്നാരും സൈദ്ധാന്തികപ്രത്യയശാസ്ത്ര ചോദ്യങ്ങൾക്ക് മറുപടി തേടിയോ സംശയം തീർക്കാനോ അങ്ങോട്ടുപോകാറില്ല. 'ചൈനയ്ക്ക് മേൽ ചുവന്ന താര'ത്തിന്റെ പൊലിമ കാണാൻ ഇപ്പോൾ ഒരു എഡ്ഗർ സ്നോവും ചെല്ലാറില്ല. ഇന്ത്യയിലല്ലാതെ ലോകത്തൊരു രാജ്യത്തും ഇപ്പോൾ മാവോയിസ്റ്റ് ലേബൽ ബ്രാക്കറ്റിലുള്ള കമ്യൂണിസ്റ്റ് പാർട്ടികളുമില്ല.

കേരളത്തിൽ മുസ്ലിംലീഗിന്റെയും മറ്റ് പല ഈർക്കിൾ പാർട്ടികളുടെയുമെല്ലാം സഹായത്തോടെ 1967 മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് നല്ലൊരു ഭാഗം മാർക്സിസ്റ്റ് ബുദ്ധിജീവികളിൽ അസ്വാസ്ഥ്യം സൃഷ്ടിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഗണേശ് ബീഡി കമ്പനി മുന്നറിയിപ്പില്ലാതെ അടച്ചുപൂട്ടിയതുണ്ടാക്കിയ അമർഷം നക്സൽ പ്രസ്ഥാനത്തിന് കരുത്തേകി. വയനാട്ടിലെ ആദിവാസികൾ ഇന്നത്തെ അതേ ദയനീയ അവസ്ഥയിലായിരുന്നു, ജന്മിമാർക്കെതിരെ അമർഷം ശക്തമായിരുന്നു. നാട്ടിലെങ്ങും തൊഴിലില്ലായ്മയും സാമ്പത്തികപ്രശ്നങ്ങളും കെടുതി വിതച്ചിരുന്നു. എല്ലാം കൂടിച്ചേർന്നാണ് അന്നത്തെ നക്സലിസത്തിന് വളക്കൂറുള്ള മണ്ണൊരുക്കിയത്.

ഇത്തരമൊരു വിചിത്ര കാലത്താണ് കേരളത്തിലേക്ക് മാവോയിസ്റ്റുകൾ കടന്നുവരുന്നതായി നാം കേൾക്കുന്നത്. തീർച്ചയായും മാവോയിസം ഗ്രസിച്ച പല സംസ്ഥാനങ്ങളിലും അതിനെ ന്യായീകരിക്കുന്ന ദാരിദ്ര്യവും ചൂഷണവും യാതനയും ജനങ്ങളിൽ ഉണ്ട്. അതിനെ നേരിടുന്നതിനുള്ള രാഷ്ട്രീയ ബദലുകൾ ഇല്ലാത്തതിന്റെ ശൂന്യതയുമുണ്ട്. കേരളത്തിൽ അതെത്രത്തോളം ഉണ്ടെന്നത് ചർച്ച ചെയ്യേണ്ട വിഷയമാണ്. പക്ഷേ, നമ്മുടെ സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന ഒരു ആയുധമേ അല്ല മാവോയിസം എന്ന് അറിയാത്തവരല്ല മാവോയിസ്റ്റുകൾ പോലും. പക്ഷേ, എല്ലായിനം ഭീകരപ്രവർത്തനങ്ങൾക്കും അതിന്റേതായ ന്യായീകരണങ്ങളും അത് സൃഷ്ടിക്കുന്ന സൗകര്യങ്ങളുമുണ്ട്. ലോകത്തെങ്ങും അതങ്ങനെയാണ്.

നവംബർ അവസാനമാണ് സി. ആർ. പി. എഫ്. കേന്ദ്ര ഡയറക്റ്റർ ജനറൽ ദിലീപ് ദ്വിവേദി സേവനത്തിൽനിന്ന് വിരമിച്ചത്. പല സംസ്ഥാനങ്ങളിലും മാവോയിസ്റ്റ് വിരുദ്ധ നീക്കങ്ങൾക്ക് നേതൃത്വം നൽകി വരികയായിരുന്ന ദ്വിവേദി മാധ്യമപ്രവർത്തകരോട് വളരെ ശ്രദ്ധേയമായ ഒരു കാര്യം പറഞ്ഞു. 'ചില സംസ്ഥാനങ്ങൾക്ക് മാവോയിസ്റ്റ് പ്രശ്നം കത്തിനിൽക്കണമെന്നുതന്നെയാണ് ആഗ്രഹം. കാരണം അതുണ്ടെങ്കിൽ അവർക്ക് വൻതുക കേന്ദ്രസഹായമായി ലഭിക്കും.' നവംബർ 28-ന് ദി ടൈംസ് ഓഫ് ഇന്ത്യ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട് അനുസരിച്ച് ദ്വിവേദി ശ്രദ്ധേയമായ ഒരു കാര്യം കൂടി പറയുകയുണ്ടായി 'മാവോയിസ്റ്റുകളെ നേരിടാൻ എ. എഫ്. എസ്. പി. എ. പോലുള്ള കർക്കശ നിയമങ്ങളൊന്നും ആവശ്യമില്ല. അതിന് സി. ആർ. പി. സി. തന്നെ ധാരാളം'. കേരളത്തിൽ മാവോയിസത്തെ നേരിടാൻ തോക്ക് തിരയുന്ന മേധാവികൾ ഈ വാക്കുകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

മാവോയിസ്റ്റുകളും നക്സലൈറ്റുകളും തമ്മിൽ എന്താണ് വ്യത്യാസം എന്ന ചോദ്യം അവശേഷിക്കുന്നു. വലിയ വ്യത്യാസമൊന്നും ഇല്ല. പഴയ നക്സലൈറ്റുകളാണ് യഥാർത്ഥത്തിൽ ശരിയായ മാവോയിസ്റ്റുകൾ. അന്ന് ചൈനയിൽ മാവോ ഉണ്ട്. മാവോയിസവും ഉണ്ട്. അന്ന് പക്ഷേ, നമ്മൾ അവരെ നക്സലൈറ്റുകൾ എന്ന് വിളിച്ചു. വിളിപ്പിച്ചത് മാധ്യമങ്ങളാണ്. അവരുടെ പാർട്ടികൾക്ക് മാർക്സിസ്റ്റ് ലെനിനിസ്റ്റ് എന്ന പേരേ ബ്രാക്കറ്റിൽ ഉണ്ടായിരുന്നുള്ളൂ. ആ സംഘടനകൾ മാവോയിസം മടുത്ത് ഉപേക്ഷിച്ചുകഴിഞ്ഞപ്പോഴാണ് ഇപ്പോൾ ചിലർ അതുമായി ഇറങ്ങിയിരിക്കുന്നത്. ഇന്ന് മാവോയും ഇല്ല മാവോയിസവും ഇല്ല. ആ ബ്രാൻഡ് ചിലർ ഉപയോഗിക്കാൻ ശ്രമിക്കുന്നുവെന്നുമാത്രം.

□

## എൻ. പി. രാജേന്ദ്രൻ



നാലു പതിറ്റാണ്ടോളമായി മാധ്യമരംഗത്ത് സജീവമാണ്. മാതൃഭൂമി ദിനപത്രത്തിൽ ഡപ്യൂട്ടി എഡിറ്ററായി 2014 നവംബറിൽ വിരമിച്ചു. കേരള പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ്, കേരള മീഡിയ അക്കാദമി വൈസ് ചെയർമാൻ, ചെയർമാൻ, കലിക്കറ്റ് പ്രസ് ക്ലബ് പ്രസിഡന്റ് തുടങ്ങിയ പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്. മാധ്യമരംഗത്തെ മികവിന് നിരവധി അവാർഡുകൾ നേടി. മാധ്യമസംബന്ധമായ പന്ത്രണ്ട് പുസ്തകങ്ങളുടെ കർത്താവാണ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.